**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2229** **21-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ഗവൺമെൻറ് ആയുർവേദ കോളേജ് ഹോസ്റ്റലുകളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ഗവൺമെൻറ് ആയുർവേദ കോളേജിൻെറ രണ്ട് വനിതാ ഹോസ്റ്റലുകളിലും മെൻസ് ഹോസ്റ്റലിലും അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം വ്യക്തമാക്കാമോ; പ്രസ്തുത ഹോസ്റ്റലുകളിലെ സുരക്ഷാ ക്രമീകരണങ്ങൾ വിശദീകരിക്കാമോ; | (എ) | പൂജപ്പുര മെൻസ് ഹോസ്റ്റലിൽ സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ 1 വാച്ചർ, 1 പാർട്ട് ടൈം സ്വീപ്പർ, 1 സാനിട്ടേഷൻ വർക്കർ എന്നിവരെ നിയമിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം ലേഡീസ് ഹോസ്റ്റലിൽ സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ 1 വാച്ചർ, 2 സാനിട്ടേഷൻ വർക്കർ എന്നിവരെയും തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ 1 മെയിൽ സർവ്വന്റ്, 1 ഫീമെയിൽ സർവ്വന്റ് എന്നിവരെയും നിയമിച്ചിട്ടുണ്ട്.<br><br>പൂജപ്പുര ലേഡീസ് ഹോസ്റ്റലിൽ സർക്കാർ ആയുർവേദ കോളേജിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ 1 പാർട്ട് ടൈം സ്വീപ്പറെയും, പ്രസ്തുത കാമ്പസിൽ പ്രവർത്തിക്കുന്ന ആയുർവേദ കോളേജിന്റെ അനുബന്ധ സ്ഥാപനങ്ങളിൽ നിന്നും വാച്ചർ ജീവനക്കാരെ റൊട്ടേഷൻ വ്യവസ്ഥയിലും നിയമിച്ചിട്ടുണ്ട്.<br><br>സുരക്ഷ സംവിധാനങ്ങളുടെ ഭാഗമായി മൂന്ന് ഹോസ്റ്റലുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 24 മണിക്കൂറും ഡ്യൂട്ടി വാച്ചറുടെ സേവനം കൃത്യമായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പോലീസ് നൈറ്റ് പട്രോളിംഗും നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കോളേജിലെ വനിതാ ഹോസ്റ്റലിൽ മെയ് 12 ന് അജ്ഞാതൻ കടന്നുകയറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ഈ സാഹചര്യത്തിൽ ഹോസ്റ്റലുകളിൽ സുരക്ഷക്കും മേൽനോട്ടത്തിനും ആവശ്യം വേണ്ട ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ഉണ്ട്. തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് വനിത ഹോസ്റ്റലിൽ 12.05.2024 ന് വൈകിട്ട് ഒരു അജ്ഞാതൻ കയറുകയുണ്ടായി. പോലീസ് തെളിവെടുപ്പ് നടത്തുകയും സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിക്കുകയും ചെയ്തു. നിലവിൽ പോലീസ് ചുറ്റുപാടും പരിസരങ്ങളും നിരീക്ഷിക്കാനായി നൈറ്റ് പെട്രോളിംഗ് നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ